മാതൃഭൂമി
വിജയം
വിജയത്തിലേക്കൊരു വഴികാട്ടി
www.mathrubhumi.com/careers
email: vijaypath@mpp.co.in
6 TVM
2017 6 ഡിസംബർ
ബുധനാഴ്ച

തൊഴിൽ പഠിക്കാം

വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടും ജോലിയായില്ലെന്ന് നിരാശപ്പെടുന്നവർക്ക് അനായാസം ഒരു കരിയറിന് തുടക്കമിടാൻ അവസരം നൽകുന്നു എന്നതാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന എന്ന നൈപുണ്യ പരിശീലന പദ്ധതിയെ വ്യത്യസ്തമാക്കുന്നത്

■ എസ്. ഹരികിഷോർ

2019 മാർച്ചിന് മുമ്പ് ഗ്രാമീണ മേഖലയിലെ 51,200 ഉദ്യോഗാർഥികൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആരംഭിച്ച നൈപുണ്യ പരിശീലന പദ്ധതിയാണ് ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന (DDUGKY). സംസ്ഥാനത്ത് കുടുംബശ്രീ വഴിയാണ് നടപ്പാക്കുന്നത്. ചെയ്യുന്ന തൊഴിൽ പരിശീലനം നടപ്പാക്കുന്നത് ഏജൻസികളിലൂടെയാണ് പരിശീലനം.

132 പരിശീലന സ്ഥാപനം; 90ലധികം കോഴ്സ്

താത്പര്യത്തിനും അഭിരുചിക്കുമനുസരിച്ച് കോഴ്സ് തെരഞ്ഞെടുക്കാനും പഠിക്കാനും അവസരം ലഭിക്കുന്നതാണ് ഇതിന്റെ പ്രത്യേകത. 47 സെക്ടറുകളിലായി 90ലധികം കോഴ്സുകളുണ്ട്. സംസ്ഥാനത്തെ 132 സ്ഥാപനങ്ങളിലൂടെ പരിശീലനം നേടാം. ചില കോഴ്സുകളിൽ റെസിഡൻഷ്യൽ പഠനവുമുണ്ട്.

വീടിനടുത്തുള്ള സ്ഥാപനത്തിൽ താത്പര്യമുള്ള കോഴ്സ് ഇല്ലെങ്കിൽ സൗജന്യ റെസിഡൻഷ്യൽ കോഴ്സിനു ചേരാം. ശാസ്ത്രീയമായി മാർക്കറ്റ് പഠിച്ച് കൂടുതൽ ജോലിസാധ്യതയുള്ള മേഖലകളും മനസ്സിലാക്കിയാണ് കോഴ്സുകളും വിഭാവനം ചെയ്തിട്ടുള്ളത്. ഉദ്യോഗാർഥികളുടെ താത്പര്യവും പരിഗണിച്ചിട്ടുണ്ട്.

പദ്ധതിയിൽ അംഗമാകാൻ

പദ്ധതിയിൽ പരിശീലന സ്ഥാപനമാകാൻ കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ അപേക്ഷ നൽകണം. തുടർന്നുള്ള പരിശോധനയ്ക്ക് ശേഷമാണ് ഏജൻസിയെ എംപാനൽ ചെയ്യുന്നത്. പ്രവർത്തന പാരമ്പര്യവും കോഴ്സും പഠിപ്പിച്ചുകഴിഞ്ഞ് തൊഴിൽ നേടിക്കൊടുക്കാനുള്ള കഴിവും നോക്കിയാണ് കുടുംബശ്രീ ഏജൻസിയെ തിരഞ്ഞെടുക്കുന്നത്.

70% പ്ലേസ്മെന്റ്

70 ശതമാനം പഠിതാക്കൾക്കും ജോലി നൽകണമെന്ന നിബന്ധനയോടെയാണ് പരിശീലന ഏജൻസികളുമായി കരാർ വെക്കുന്നത്. പ്ലേസ്മെന്റ് ഉറപ്പാക്കാൻ ഉയർന്ന പരിശീലന ഫീസാണ് ഏജൻസികൾക്ക് നൽകുന്നത്. ഓരോ ബാച്ചിലും ജോലിലഭിച്ചവരുടെ ഓഫർ ലെറ്ററും ജോലിയിൽ പ്രവേശിച്ചശേഷം മൂന്നുമാസം വിദ്യാർഥിയുടെ ബാങ്ക് അക്കൗണ്ടിൽ ശമ്പളം ലഭിച്ചതിന്റെ തെളിവും ഹാജരാക്കിയാലേ സ്ഥാപനത്തിന് അടുത്ത ഗഡു പരിശീലന ഫീസ് നൽകൂ.

ജോലിലഭിച്ചത് 14,000 പേർക്ക്

ഇതുവരെ പരിശീലനം പൂർത്തിയാക്കിയ 21,000ലധികം പേരിൽ 14,000ലധികം പേർക്കും ജോലി ലഭിച്ചു. 25,000 രൂപയിലധികം ശമ്പളം വാങ്ങുന്നവരുണ്ട്. നല്ല ജോലി നേടിയവരുടെ സാക്ഷ്യപത്രങ്ങൾ കുടുംബശ്രീ വെബ്സൈറ്റിൽ പബ്ലിക്കേഷൻ വിഭാഗത്തിൽ കാണാം. അൻപതിലധികം പേർക്ക് മൂന്നുമാസത്തെ പരിശീലനത്തിനുശേഷം വിദേശത്തും ജോലി ലഭിച്ചു.

എങ്ങനെ ചേരാം

ഓരോ പഞ്ചായത്തിലും കുടുംബശ്രീയുടെ നേതൃത്വത്തിൽ സൂക്ഷിക്കുന്ന നൈപുണ്യ രജിസ്റ്ററിൽ ആദ്യം പേരുചേർക്കണം. തുടർന്ന് പരിശീലന ഏജൻസികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ കുടുംബശ്രീ സംഘടിപ്പിക്കുന്ന മൊബിലൈസേഷൻ ക്യാമ്പിൽ പങ്കെടുത്ത് അവിടെ നടക്കുന്ന ഇൻറർവ്യൂ/ കൗൺസലിങ്/ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് എന്നീ പ്രക്രിയകളിലൂടെ പദ്ധതിയിൽ ചേരാം. ഓൺലൈൻ രജിസ്ട്രേഷൻ ആഗ്രഹിക്കുന്നവർ 'കൗശൽ പഞ്ചി' എന്ന മൊബൈൽ ആപ്പ് ഡൗൺലോഡ് ചെയ്ത് രജിസ്റ്റർ ചെയ്താലും മതി. കുടുംബശ്രീ ജില്ലാ ഓഫീസുകൾ വഴി ഡി.ഡി.യു.ജി.കെ.വൈ. സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയാം. പദ്ധതിയുടെ മികച്ച പ്രവർത്തനത്തിന് 2016-17 ലെ ദേശീയ അവാർഡ് കേരളത്തിന് (കുടുംബശ്രീക്ക്) ലഭിച്ചിരുന്നു.

സാഗർമാല

- തീരദേശമേഖലയിലെ യുവതീയുവാക്കൾക്കായി 'സാഗർമാല' പ്രത്യേകപദ്ധതി എറണാകുളം, കോഴിക്കോട് ജില്ല

വിജേഷിന് സ്വപ്നസാഫല്യം

കൈവേലയ്പേറിയ ജീവിതാനുഭവങ്ങളിലും പ്രയാസങ്ങളെ സധൈര്യം അഭിമുഖീകരിച്ച് മുന്നോട്ടുപോവാൻ കാസർകോട് ഉദുമയിലെ 22കാരൻ എൻ. ബി. വിജേഷിന് കരുത്തായത് ഡി.ഡി.യു.ജി.കെ.വൈ. കോഴ്സ്. പ്ലസ്ടു കഴിഞ്ഞശേഷം ഒരുവർഷം ഓട്ടോഡ്രൈവറായി. അവിടെ നിന്നാണ് തൊഴിൽ പരിശീലനത്തിനെത്തുന്നത്. അച്ഛനും അമ്മയും സഹോദരനും ഉൾപ്പെടുന്നതാണ് കുടുംബം. അമ്മ കാൻസർ രോഗിയും അച്ഛൻ ഹൃദ്രോഗിയുമാണ്. ഒരുമാസത്തെ മരുന്നിന്തന്നെ വലിയ തുക വേണം. ഓട്ടോ ഡ്രൈവറായിരുന്നെങ്കിലും ആളുകളോട് ഇടപഴകാൻ ബുദ്ധിമുട്ടായിരുന്നു. സദസ്സിനെ അഭിമുഖീകരിക്കാനും ബുദ്ധിമുട്ടായിരുന്നു. -വിജേഷ് പറയുന്നു. ഭക്ഷണത്തിനും താമസത്തിനും പുറമേ 8500/- രൂപ മാസശമ്പളത്തിൽ കാസർകോട്ടെ ഒരു വസ്ത്രവ്യാപാര സ്ഥാപനത്തിൽ സെയിൽസ്മാൻ ആണ് വിജേഷിപ്പോഴം.

ആശയത്തിന് സമ്മാനം

പ്രതിരോധസേനസ്റ്റ് കീഴിലുള്ള ഡിഫൻസ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് ഓർഗനൈസേഷൻ (ഡി.ആർ.ഡി.ഒ.) ബിരുദ/ബിരുദാനന്തര തലത്തിലുള്ള എൻജിനീയറിങ് വിദ്യാർഥികളിൽനിന്ന് ആശയം തേടുന്നു. റോബോട്ടിക് ആൻഡ് അൺമാൻഡ് സിസ്റ്റംസ് എക്സ്പോസിഷൻ (DRUSE) പദ്ധതിപ്രകാരം പ്രതിരോധപ്രവർത്തനങ്ങളിൽ മനുഷ്യരില്ലാത്ത സംവിധാനങ്ങൾ രൂപപ്പെടുത്താനുള്ള ആശയരൂപീകരണം അതിന്റെ രൂപകല്പന, വികസനം എന്നിവയുമായി ബന്ധപ്പെട്ട നിർദേശങ്ങളാണ് വേണ്ടത്.

വിവിധഘട്ടങ്ങളിലായി മത്സരം നടത്തിയാണ് മികച്ച ആശയം തിരഞ്ഞെടുക്കുക. വിജയിക്ക് ഒന്നരലക്ഷം രൂപ സമ്മാനം ലഭിക്കും. മൂന്നുമുതൽ അഞ്ചുവരെ എൻജിനീയറിങ് വിദ്യാർഥികൾ ചേർന്ന് ഗ്രൂപ്പ് ഉണ്ടാക്കി മത്സരത്തിൽ പങ്കെടുക്കാം. അംഗങ്ങൾ ഒരേ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നുള്ളവരാവണം. ഒരു കോളേജിൽനിന്നും ഒന്നിൽക്കൂടുതൽ സംഘങ്ങൾക്ക് പങ്കെടുക്കാം. ഓരോ സംഘത്തിനും ഒരു ടീം ലീഡറുണ്ടാവണം. സ്ഥാപനത്തിലെ ഒരു സ്ഥിരം അധ്യാപകൻ ഗൈഡായും വേണം.

https://rac.gov.in/druse/index എന്ന ലിങ്കിലാണ് രജിസ്ട്രേഷൻ **നടത്തേണ്ടത്. അ**പേക്ഷയുടെ ഭാഗമായി വിശദമായ ഒരു സാ**ങ്കേതിക നിർദേശം** (Technical proposal) നൽകണം. ഇതിന്റെ **മാതൃകയും നി**ർദേശങ്ങളും വെബ്സൈറ്റിലുണ്ട്. അവസാന **തീയതി ജ**നുവരി 15. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ.

120 ബീറ്റ്സ് പെർ മിനിറ്റിന് സുവർണ മയൂരം

- ടെസ്റ്റ് ക്രിക്കറ്റിൽ ആറ് ഡബിൾ സെഞ്ചുറി നേടുന്ന ആദ്യ ക്യാപ്റ്റനെന്ന റെക്കോഡ് ഇനി ഇന്ത്യയുടെ വിരാട് കോലിക്ക്.
- ഇൻഫോസിസിന്റെ സി.ഇ.ഒ. യും മാനേജിങ് ഡയറക്ടറുമായി സലിൽ എസ്. പരേഖിനെ നിയമിച്ചു.
- പ്രസാർഭാരതി ബോർഡിന്റെ ചെയർമാനായി എ. സൂര്യപ്രകാശിനെ നിയമിച്ചു.
- ഗോവ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മികച്ച നടിക്കുള്ള പുരസ്കാരം പാർവതിക്ക്. ടേക്ക് ഓഫിലെ അഭിനയത്തിനാണ് പുരസ്കാരം. ഫ്രഞ്ച് ചിത്രമായ '120 ബീറ്റ്സ് പെർ മിനിറ്റി'നാണ് മികച്ച ചിത്രത്തിനുള്ള സുവർണമയൂരം.
- കേരളത്തിൽ ആഞ്ഞുവീശിയ ഓഖി ചുഴലിക്കാറ്റിൽ വൻനാശം.
- സ്നേഹലതാ ശ്രീവാസ്തവ ലോക്സഭയുടെ ആദ്യ വനിതാ സെക്രട്ടറി ജനറൽ.
- എയർ ഇന്ത്യയുടെ ചെയർമാനും മാനേജിങ് ഡയറക്ടറുമായി പ്രദീപ് സിങ് ഖരോളയെ നിയമിച്ചു.
- ചരക്ക്-സേവന നികുതി (ജി.എസ്.ടി.)ക്ക് കീഴിലുള്ള ദേശീയ അമിതലാഭ നിയന്ത്രണ അതോറിറ്റിയുടെ ആദ്യ ചെയർമാനായി ബി.എൻ. ശർമയെ നിയമിച്ചു.
- കെനിയ പ്രസിഡൻറായി ഉഹുറു കെനിയാറ്റ അധികാരമേറ്റു.
- കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ പുതിയ വൈസ് ചാൻസലറായി ഡോ. ധർമരാജ് അടാട്ടിനെ നിയമിച്ചു.
- മുൻ മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ (89) അന്തരിച്ചു.

സ്നേഹലതാ ശ്രീവാസ്തവ

പാർവതി

GK Diary 24x7

40 തസ്തികകളിൽ പി.എസ്.സി. വിജ്ഞാപനം

വനിതാ സിവിൽ എക്സൈസ് ഓഫീസർ, അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ തുടങ്ങി 40 തസ്തികകളിലേക്ക് (കാറ്റഗറി നമ്പർ 501 മുതൽ 540 വരെ) പി.എസ്.സി. അപേക്ഷ ക്ഷണിച്ചു. ഇതിൽ 38 തസ്തികകളും **സം**വരണ വിഭാഗക്കാർക്കുള്ളവയാണ്. വനിതാ സിവിൽ എക്സൈസ് ഓഫീസർ, അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ തസ്തികകളിലേക്ക് ജനറൽ റിക്രൂട്ട്മെൻറാണ്.

പ്ലസ്ടു/തത്തുല്യ വിദ്യാഭ്യാസ **യോ**ഗ്യതയും നിർദിഷ്ട ശാരീരിക യോഗ്യതയുമുള്ള വനിതകൾക്ക് വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലേക്ക് അപേക്ഷിക്കാം. ഭിന്നശേഷിക്കാർക്കും പുരുഷന്മാർക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാനാവില്ല. ബിരുദവും രണ്ടുവർഷത്തെ എഡിറ്റോറിയൽ പരിചയവുമാണ് അസിസ്റ്റൻറ് ഇൻഫർമേഷൻ ഓഫീസർ തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യത. www.keralapsc.gov.in എന്ന വെബ്സൈറ്റിൽ ഒറ്റത്തവണ രജിസ്ട്രേഷൻ രീതിയിൽ ഓൺലൈനായി അപേക്ഷിക്കണം. അവസാന തീയതി: ജനുവരി 3.

ഒഴിവുകൾ

കേരള സർവകലാശാലയിൽ 105 അധ്യാപകർ

കേരള യൂണിവേഴ്സിറ്റി വിവിധ വകുപ്പുകളിലേക്ക് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിൽ അപേക്ഷ ക്ഷണിച്ചു. അസിസ്റ്റൻറ് പ്രൊഫസറുടെ 43 ഒഴിവും അസോസിയേറ്റ് പ്രൊഫസറുടെ 32 ഒഴിവും പ്രൊഫസറുടെ 30 ഒഴിവുമാണുള്ളത്. യു.ജി.സി. നിഷ്കർഷിക്കുന്ന അക്കാദമിക് യോഗ്യതകളുള്ളവർക്ക് അപേക്ഷിക്കാം. അവസാന തീയതി: ഡിസംബർ 28. വെബ്സൈറ്റ് : www.keralauniversity.ac.in

ഡോക്ടർമാർക്ക് സൈന്യത്തിൽ അവസരം

ആർമി മെഡിക്കൽ കോറിലേക്ക് എം.ബി.ബി.എസ്. ബിരുദധാരികളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. സ്ത്രീകൾക്കും അപേക്ഷിക്കാം. ആദ്യത്തെയോ രണ്ടാമത്തെയോ ചാൻസിൽ എം.ബി.ബി.എസ്. പരീക്ഷ പാസായവർ അപേക്ഷിച്ചാൽ മതി. അവസാനതീയതി: ഡിസംബർ 28. വെബ്സൈറ്റ്: www.amcsscentry.gov.in

ആർമി നഴ്സിങ്: പ്ലസ്ടുകാരികൾക്ക് അപേക്ഷിക്കാം

സൈനിക മെഡിക്കൽ കോളേജുകളിലേക്ക് നഴ്സിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അവിവാഹിതരായ പെൺകുട്ടികൾക്കും വിവാഹമോചനംനേടിയ വനിതകൾക്കും വിധവകൾക്കും അപേക്ഷിക്കാം. സൈന്യത്തിലെ മിലിറ്ററി നഴ്സിങ് സർവീസ് വിഭാഗത്തിൽ കമ്മിഷൻഡ് ഓഫീസർ ആയി സ്ഥിരനിയമനം നൽകും. **യോഗ്യത**: 50 ശതമാനം മാർക്കോടെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് വിഷയങ്ങൾ പഠിച്ചുള്ള പ്ലസ്ടു/തത്തുല്യം. അവസാനതീയതി: ഡിസംബർ 30. വെബ്സൈറ്റ്: www.joinindianarmy.nic.in

ബെംഗളൂരു മെട്രോയിൽ 80 എൻജിനീയർ

ബെംഗളൂരു മെട്രോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ബി.എം.ആർ.സി.എൽ.) ഗ്രാജ്വേറ്റ് എൻജിനീയർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. 80 ഒഴിവുണ്ട്. 50 ശതമാനം മാർക്കോടെ സിവിൽ എൻജിനീയറിങ് ബിരുദമാണ് **യോ**ഗ്യത. കന്നഡ ഭാഷ എഴുതാനും വായിക്കാനും സംസാരിക്കാനും അറിഞ്ഞിരിക്കണം. ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി: ഡിസംബർ 15. വെബ്സൈറ്റ്: www.bmrc.co.in

ഉൾനാടൻ ജലപാത: ഡെപ്യൂട്ടേഷൻ ഒഴിവുകൾ

സംസ്ഥാന സർക്കാരിന്റെയും കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെയും സംയുക്തസംരംഭമായ കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് വിവിധ തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനംനടത്തുന്നു. കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, അർധസർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. എക്സിക്യൂട്ടീവ് ഡയറക്ടർ, അസിസ്റ്റൻറ് ജനറൽ മാനേജർ, മാനേജർ (സിവിൽ), അസിസ്റ്റൻറ് ജനറൽ മാനേജർ (ഫിനാൻസ്), അസി. മാനേജർ (ഫിനാൻസ്), കമ്പനി സെക്രട്ടറി, ജൂനിയർ മാനേജർ (സിവിൽ) എന്നീ തസ്തികകളിലാണ് ഒഴിവുകൾ. മാനേജിങ് ഡയറക്ടർ, കേരള വാട്ടർവെയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, സെക്കൻഡ് ഫ്ലോർ, കൊല്ലാറ എസ്റ്റേറ്റ്, എൻ.എച്ച്. ബൈപാസ്, ഇടപ്പള്ളി, എറണാകുളം, പിൻ-682 024 എന്ന വിലാസത്തിൽ ഡിസംബർ 30-നകം അപേക്ഷിക്കുക. www.cial.aero

കൂടുതൽ തൊഴിലവസരങ്ങൾ അറിയാൻ പുതിയ ലക്കം (6) മാതൃഭൂമി തൊഴിൽവാർത്ത കാണുക